**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32** **06-12-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രോണിക്സ് പാർക്കുകൾ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ ഹബ്ബായി മാറ്റുവാനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>കേരളത്തെ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ ഹബ്ബായി മാറ്റുന്നതിന്റെ ആദ്യപടിയായി ഒരു 'ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ ടെക്നോളജിസ് ഹബ്' രൂപീകരിക്കു-ന്നതിനായി 28 കോടി രൂപ സർക്കാർ 2022 - 23 ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി ഒരു 'കോമൺ ടെസ്റ്റിംഗ് സെന്റർ' സ്ഥാപിക്കാനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (DPR) കെൽട്രോൺ തയ്യാറാക്കുകയും ആയത് സർക്കാർ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രതിരോധ മേഖലയിലെ വ്യാവസായിക ആവശ്യങ്ങൾക്കായുള്ള ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവയുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്ന NABL അക്രഡിറ്റേഷൻ ലാബ് നിലവിൽ കേരളത്തിലില്ല. കെൽട്രോണിന്റെ നേതൃത്വത്തിൽ ഇത്തരമൊരു ലാബ് കേരളത്തിൽ പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.<br><br>ബാംഗ്ലൂർ ആസ്ഥാനമായ ഇന്ത്യൻ ഇലക്ട്രോണിക്സ് & മാനുഫാക്ചറിംഗ് അസോസിയേഷന്റെ (IESA) സഹായത്തോടെ, കെൽട്രോണിന്റെ നേതൃത്വത്തിൽ, കേരളത്തിൽ ഇലക്ട്രോണിക്സ് സെമി കണ്ടക്ടർ ഫാബ് & ഹൈടെക് പാർക്ക് നിർമ്മിക്കുന്നതിനായി ഒരു സാധ്യത പഠന റിപ്പോർട്ട് കെൽട്രോൺ തയ്യാറാക്കിയതിന്മേലുള്ള തുടർ നടപടികൾ നടന്നുവരുന്നു. സെമികണ്ടക്ടർ അസംബ്ലി ടെസ്റ്റിംഗ് മാർക്കിങ് ആൻഡ് പാക്കിങ് യൂണിറ്റ് (ATMP), പ്രിന്റഡ് സർക്യൂട്ട് ബോർഡ് മാനുഫാക്ചറിങ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള 'വിശദമായ പദ്ധതി റിപ്പോർട്ട് (DPR)' തയ്യാറാക്കുന്ന നടപടികൾ |

കെൽട്രോണിന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയാണ്. ഏകദേശം 50 ഏക്കർ സ്ഥലം ഉപയോഗപ്പെടുത്തി സ്ഥാപിക്കുന്ന ഈ പദ്ധതിയ്ക്ക് 1000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ ഡിഫൻസ് ഓഫ്സെറ്റ് പ്രോഗ്രാമിന്റെ ഭാഗമായുള്ള എയർ ക്രാഫ്റ്റ് ഇലക്ട്രോണിക്സ് ഉൽപ്പാദനം, സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് എന്നീ മേഖലകളിലേക്കുള്ള ചുവടുവെയ്പിന്റെ ആദ്യപടിയായി AS 9100 സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെൽട്രോണിന്റെ കരകുളം സെന്ററിനെ പവർ ഇലക്ട്രോണിക്സ് ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതിയുടെ ആദ്യ ചുവടുവെയ്പായി സോളാർ പവർ കൺട്രോൾ, 5 KVA / 10 KVA യു. പി. എസ് എന്നിവയുടെ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉൽപ്പാദനം ആരംഭിക്കുന്നതിനുള്ള പ്രവർത്തികൾ നടന്നുവരുന്നു. സി ഡാക്കിന്റെ സാങ്കേതിക സഹായത്തോടുകൂടി മോഡ്യുലാർ യു പി എസ് സിസ്റ്റം, സോളാർ പി. സി. യു.കൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. ഇതുകൂടാതെ ലിഥിയം അയോൺ ബാറ്ററി അസംബ്ലി യൂണിറ്റ് / ഇ. വി. വെഹിക്കിൾ ചാർജേഴ്സ് എന്നീ പദ്ധതികളും പ്രാവർത്തികമാക്കാനുള്ള നടപടികൾ കെൽട്രോൺ സ്വീകരിച്ചു വരുന്നു.

കേരളത്തെ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ ഹബ്ബ് ആയി മാറ്റുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് അനുബന്ധമായി വിവരസാങ്കേതിക വിദ്യ മേഖലയിൽ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ ഗവൺമെന്റ് ഐ . ടി. പാർക്കുകളിൽ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും ഐ . ടി / ഐ . ടി . ഇ .എസ് വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമി, കെട്ടിടം, ഫർണിഷ്ഡ് സ്പെയിസസ്, സ്റ്റാർട്ട്സ് ബിസിനസ്സ് സെന്ററുകൾ തുടങ്ങിയവയോടൊപ്പം കുറഞ്ഞ നിരക്കിലുള്ള സുഗമമായ വൈദ്യുതി - ജല വിതരണ സംവിധാനം, മികച്ച കണക്ടിവിറ്റി, റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പാർക്കുകൾ നേരിട്ടും അവിടെയുള്ള ഉപസംരംഭകർ മുഖേനയും ഈ ഗവൺമെന്റിന്റെ കാലത്ത് പുതുതായി വികസിപ്പിച്ച 56.40 ലക്ഷം ച . അടി ഉൾപ്പെടെ 201.62 ലക്ഷം ച . അടി അടിസ്ഥാന സൗകര്യങ്ങൾ ഐ . ടി പാർക്കുകളിൽ നിലവിലുണ്ട്.

| | | | |
|---|---|---|---|
| | | | കൂടാതെ കേരളത്തിലെ ഇലക്ട്രോണിക്സ് വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും, ഇവിടെ ഒരു നിക്ഷേപ ഇക്കോ - സിസ്റ്റം നടപ്പിലാക്കുവാനും വേണ്ടി കേരളത്തിന്റെ കരട് വ്യവസായ നയം പ്രഖ്യാപിച്ചപ്പോൾ ഒരു സൺറൈസ് മേഖലയായിട്ട് ESDM (Electronics System Design & Manufacturing)പ്രഖ്യാപിക്കുകയും ആയതിന് പല ആനുകൂല്യങ്ങളും ഈ മേഖലയിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലവിലുള്ള ഇലക്ട്രോണിക്സ് മേഖലയിലെ മാനുഫാക്ചറിങ് കമ്പനികൾക്ക് സഹായകമാകുന്ന വിധം ഇലക്ട്രോണിക് കംപോണന്റ് എക്കോ സിസ്റ്റം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്.<br><br>സംസ്ഥാനത്ത് നിലവിലുള്ള ഇലക്ട്രോണിക്സ് മേഖലയിലെ മാനുഫാക്ചറിങ് കമ്പനികൾക്ക് സഹായമാകുന്ന വിധം പാസ്സീവ് ഇലക്ട്രോണിക്സ് കംപോണേന്റ്സിന് ആവശ്യമുള്ള സെറാമിക് ചിപ്പ് കപ്പാസിറ്ററുകൾ, സെറാമിക് ചിപ്പ് ഇണ്ടക്ടർസ്, സെറാമിക് ചിപ്പ് റെസിസ്റ്റർസ് എന്നിവയുടെ നിർമ്മാണത്തിനായുള്ള മാസ്റ്റർ പ്ലാൻ കെൽട്രോണിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഇത് കൂടാതെ കെൽട്രോണിന്റെ സബ്സിഡിയറി കമ്പനിയായ കണ്ണൂരിൽ പ്രവർത്തിക്കുന്ന കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ ഐ. എസ്. ആർ. ഒ. യുടെ സാങ്കേതിക സഹായത്തോടുകൂടി നിർമ്മിക്കുന്ന സൂപ്പർ കപ്പാസിറ്റർ മാനുഫാക്ചറിങ് പ്ലാന്റ് 2023 ഏപ്രിലിൽ കമ്മീഷൻ ചെയ്യുന്നതിനായുള്ള നടപടികളും ദ്രുതഗതിയിൽ പുരോഗമിക്കുന്നു .<br><br>കേരളത്തിൽ 'ഇലക്ട്രോണിക്സ് സെമി കണ്ടക്ടർ ഫാബ് & ഹൈടെക് പാർക്ക്' നിർമ്മിക്കുന്നതിന്റെ ഭാഗമായി കെൽട്രോൺ തയ്യാറാക്കിയ സാധ്യത പഠന റിപ്പോർട്ടിൽ 'സെമികണ്ടക്ടർ ഡിസൈൻ ആൻഡ് ട്രെയിനിങ് ഇക്കോ സിസ്റ്റം' സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രാവർത്തികമാക്കുന്നതോടെ പുതിയ ഉത്പന്നങ്ങളുടെ ഡിസൈനിങ്ങിനും വികസനത്തിനുമായി തദ്ദേശീയമായ കഴിവുകൾ പരമാവധി പ്രയോജന-പ്പെടുത്തുവാൻ സാധിക്കുന്നതും ഉയർന്ന തൊഴിൽ സാധ്യതയ്ക്കും MSME കളുടെ വളർച്ചയ്ക്കും ഇത് വളരെയധികം സഹായിക്കുന്നതുമാണ്. |
| (സി) | ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങൾ ഒരു കുടക്കീഴിലാക്കി പ്രത്യേക ഇലക്ട്രോണിക്സ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങൾ ഒരു കുടക്കീഴിലാക്കുന്നതിനായി ആധുനിക നിലവാരത്തിൽ ഒരു ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഡിജിറ്റൽ |

| | | | |
|---|---|---|---|
| | | | യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. എമർജിംഗ് ഇലക്ട്രോണിക്സ്, സ്മാർട്ട് മെറ്റീരിയൽസ് (റോബോട്ടിക്സ്, എ ഐ ബ്ലോക്ക് ചെയ്ൻ, ഡിജിറ്റൽ ഹെൽത്ത്) എന്നീ സുപ്രധാന മേഖലകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് വിദേശ സർവ്വകലാ-ശാലകളായ ഓക്സ്ഫോർഡ്, മാഞ്ചസ്റ്റർ, എഡിൻബർഗ്, സീഗൻ എന്നിവയുമായി ധാരണാപത്രം ഒപ്പ വച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ കാക്കനാട്ടുള്ള 67 ഏക്കർ ഭൂമിയിൽ ഒരു ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ സ്ഥാപി-ക്കുന്നതിനുള്ള നടപടികൾ കിൻഫ്രയുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയത്തിന്റെ ധനസഹായത്തോടു കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി റോഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ലക്ഷ്യമിട്ടു കൊണ്ടുള്ള ഒന്നാം ഘട്ടം പൂർത്തീകരിച്ചു കഴിഞ്ഞു. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത പാർക്കിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 12 സംരംഭകർക്ക് ഭൂമി നൽകി കഴിഞ്ഞു. റ്റാറ്റാ കൺസൾട്ടൻസി സർവ്വീസിന്റെ ഇന്നോവേഷൻ പാർക്ക് സ്ഥാപി-ക്കുന്നതിനും ടി സ്ഥലത്ത് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങൾ എല്ലാം ഒരു കുടക്കീഴിൽ കൊണ്ടു വരുന്നത് ലക്ഷ്യമിട്ട് 'എമേർജിംഗ് ടെക്നോളജി ഗ്രീൻ ഫീൽഡ് ഇൻഡസ്ട്രിയൽ പാർക്ക്" എന്ന പേരിൽ ഒരു പദ്ധതി കൊരട്ടിയിലും 'അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്" എന്ന പേരിൽ ഒരു പദ്ധതി കൊച്ചിയിലും സ്ഥാപിക്കുന്നതിനുമുള്ള സാധ്യത പരിശോധിച്ചു വരുന്നു. കൂടാതെ, തിരുവനന്തപുരം ടെക്നോപാർക്കിന്റെ നാലാം ഘട്ടത്തിൽ വിവര സാങ്കേതിക വിദ്യ, ഇലക്ട്രോണിക്സ് മറ്റ് അനുബന്ധ മേഖലകൾ എന്നിവയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്ക-ന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി വരുന്നു. |
| (ഡി) | ഇലക്ട്രോണിക്സ് വ്യവസായങ്ങളുടെ വികസനം കണക്കിലെടുത്ത് പൊതുമേഖലാസ്ഥാപനമായ കെൽട്രോണിൽ ട്രാഫിക് മാനേജ്മെന്റ്, ഡിഫൻസ് പ്രോഡക്ട്സ്, പവർ ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ പുതിയ പദ്ധതികൾ | (ഡി) | ഉണ്ട്.<br><br>പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി നിലവിലുള്ള സാങ്കേതിക പരിജ്ഞാനം, ഫാക്ടറി എന്നിവയുടെ നവീകരണത്തിനും പുതിയ പദ്ധതികൾ |

| | | | |
|---|---|---|---|
| | ആരംഭിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | | ആരംഭിക്കുന്നതിനും വേണ്ടി 375 കോടി രൂപ ചെലവുവരുന്ന ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ മാസ്റ്റർപ്ലാനിൽ ട്രാഫിക് മാനേജ്മെന്റ്, ഡിഫെൻസ് പ്രോഡക്റ്റ്, പവർ ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് 105 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ